**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 66** | **02-02-2026 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ, അമൃത്, സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, RKI തുടങ്ങിയവയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഈ പദ്ധതികളുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ തലങ്ങളിലായി നിരന്തരമായ അവലോകനവും മേൽനോട്ടവും നടത്തിവരുന്നു.<br><br>സംസ്ഥാനതലത്തിൽ മാനേജിങ് ഡയറക്ടറും, ടെക്നിക്കൽ മെമ്പറും, മേഖല തലത്തിൽ ചീഫ് എൻജിനീയർ, എന്നിങ്ങനെ വിവിധ തട്ടുകളായി ഓരോ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തു വരുന്നു. കൂടാതെ പദ്ധതിയുടെ പുരോഗതി PASKഎന്ന സോഫ്റ്റ്‌വെയർ മുഖേന അപ്ഡേറ്റ് ചെയ്യുന്നുണ്ട്. JJM, RKI, KIIFB, AMRUT, State Plan തുടങ്ങിയ പദ്ധതികൾ അവലോകനം ചെയ്യുന്നതിനായി ഹെഡ് ഓഫീസിൽ പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നു.<br><br>മേൽപ്രകാരം ഉള്ള പരിശോധനാ സംവിധാനങ്ങൾക്ക് പുറമേ വിവിധ ഫണ്ടിങ് ഏജൻസികളുടെ നേരിട്ടുള്ള പരിശോധനയും അവലോകനവും നടത്തിവരുന്നു.<br><br>സംസ്ഥാനത്ത് നിലവിൽ പ്രധാനമായും ജല ജീവൻ മിഷൻ വഴിയാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത്, ജലവിഭവം, റവന്യൂ എന്നീ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കിയിട്ടുണ്ട്. ജലജീവൻ മിഷൻ ബഹു:മുഖ്യമന്ത്രിയുടെ |

മുൻഗണനപദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ്. കൂടാതെ ബഹു: ജലവിഭവ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്ന ജലജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി, സംസ്ഥാന മിഷൻ ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇതോടൊപ്പം ബഹു: MLA, ബഹു: MP, ജില്ലാ കളക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉദ്യോഗതല മീറ്റിംഗുകളും നടത്തിവരുന്നു. വിവിധ വകുപ്പുകളുടെ സഹകരണം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് സഹകരണം ഉറപ്പാക്കി സംയുക്ത പരിശോധന, ചർച്ചകൾ എന്നിവ നടത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

ജൽ ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന ജലശുചിത്വ മിഷൻ (SWSM), ജില്ലാതല ജലശുചിത്വ മിഷൻ (DWSM) എന്നിവയിൽ തദ്ദേശസ്വയംഭരണ, പൊതുമരാമത്ത്, ജലവിഭവം, റവന്യൂ, പൊതുവിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പിഡബ്ല്യുഡി ചീഫ് എൻജിനീയറുടെയും കേരള വാട്ടർ അതോറിറ്റി പ്രോജക്ട് & ഓപ്പറേഷൻ ചീഫ് എൻജിനീയറുടെയും നേതൃത്വത്തിലുള്ള പ്രത്യേക പിഡബ്ല്യുഡി കോർഡിനേഷൻ കമ്മിറ്റിയും പിഡബ്ല്യുഡിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്ത് തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഏജൻസികളായ റെയിൽവേ, ഫോറസ്റ്റ്, ദേശീയ ഹൈവേ എന്നിവയിൽ നിന്നുള്ള അനുമതികൾ സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനായി ദേശീയ ജൽ ജീവൻ മിഷന്റെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ നടത്തി തടസ്സങ്ങൾ പരിഹരിച്ചു വരുന്നുണ്ട്.

ജലജീവൻ മിഷൻ പദ്ധതിയിലെ ഫണ്ടിന്റെ ലഭ്യതയുടെ കുറവ് പദ്ധതിയുടെ പുരോഗതിയെ നിലവിൽബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യാനായി സംസ്ഥാനവിഹിതത്തിനു നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ആയതിൽ 5000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>അമൃത് പദ്ധതിയുടെ ഭാഗമായി സംസ്ഥാനതല SLTC (State Level Technical committee) യോഗങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും, സംസ്ഥാനതല SHPSC (State High power Steering Committee) യോഗങ്ങൾ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും സംഘടിപ്പിച്ചുവരുന്നു. കൂടാതെ, അമൃത് മിഷനും അനുമതി ലഭിച്ച ഓരോ പദ്ധതിയു ടെയും പുരോഗതി തുടർച്ചയായി നിരീക്ഷിച്ചുകൊണ്ടി രിക്കുകയും, നിർവഹണം വേഗത്തിലാക്കുന്നതിനാവശ്യമായ ഇടപെടലുകൾ സ്വീകരിക്കുകയും ചെയ്യുന്നു.<br><br>കിഫ്ബി പദ്ധതികൾ വിവിധ പാക്കേജുകളായാണ് നടപ്പിലാക്കി വരുന്നത്. പദ്ധതികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO), ചീഫ് പ്രൊജക്റ്റ് എക്സാമിനർ (CPE), എക്സിക്യൂട്ടീവ് ഡയറക്ടർ (ED) എന്നിവരുടെ സാന്നിധ്യത്തിൽ കൂടുന്ന അവലോകന യോഗങ്ങൾ പരിശോധിക്കുകയും, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യുന്നു.<br><br>അതോടൊപ്പം ഈ പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസിയായ കേരള വാട്ടർ അതോറിറ്റി ഓരോ പ്രവൃത്തിയുടെയും പുരോഗതി വിലയിരുത്തുന്നതിനായി നിരന്തര അവലോകന യോഗങ്ങൾ വിളിച്ചു ചേർക്കുകയും, ഫീൽഡ് ഓഫീസർമാർ നേരിടുന്ന സാങ്കേതികവും ഭരണപരവുമായ പ്രശ്നങ്ങൾ ഹെഡ് ഓഫീസിന്റെ ഇടപെടലിലൂടെ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) | കുടിവെള്ള പദ്ധതികൾ അനിശ്ചിതമായി നീട്ടികൊണ്ടുപോകുന്നതു മൂലം നിർമ്മാണ ചെലവ് വലിയ തോതിൽ വർദ്ധിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നിരക്കുകളിൽ ഉണ്ടാകുന്ന വ്യത്യാസങ്ങൾ മൂലം വേണ്ടുന്ന റീകാസ്റ്റിംഗ് പ്രക്രിയ, ടെൻഡറിംഗ് നടപടികൾ, പി.ഡബ്ല്യൂ.ഡി / എൻ.എച്ച്.എ.ഐ / കെ.ആർ.എഫ്.ബി / കെ.എസ്.ടി.പി എന്നിവയിൽ നിന്ന് റോഡ് കട്ടിംഗ് അനുമതി, WTP, OH ടാങ്കുകൾ ഉൾപ്പെടെയുള്ള പ്രധാന ജലവിതരണ ഘടകങ്ങൾക്ക് ആവശ്യമായ ഭൂമി ലഭിക്കുന്നതിൽ ഉള്ള കാലതാമസം, വിവിധ അനുമതികൾ, ഫണ്ടിംഗ് ലഭിക്കുന്നതിലെ കാലതാമസം എന്നിവയെല്ലാം പലപ്പോഴും കുടിവെള്ള പദ്ധതികൾ നീണ്ടുപോകുന്നതിന് കാരണമാകാറുണ്ട്.<br><br>എന്നാൽ മേൽ പറഞ്ഞവ കാരണം പദ്ധതികൾ നീണ്ടുനിൽക്കുന്നത് നിർമ്മാണ ചെലവ് വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി, പദ്ധതികളുടെ |

| | | | |
|---|---|---|---|
| | | | പുരോഗതി സ്ഥിരമായി വിലയിരുത്തുകയും, വൈകിപ്പോകുന്നതിനുള്ള കാരണങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ ഭരണ, സാങ്കേതിക ഇടപെടലുകൾ സ്വീകരിക്കുകയും, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ, കേരള വാട്ടർ അതോറിറ്റി വഴി പരിഹരിക്കാനാകാത്ത, വകുപ്പുകൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സെക്രട്ടറി തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ